**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3524** **12-03-2025 - ൽ മറുപടിയ്ക്ക്**

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് കൃഷിഭവനുകൾ വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കിക്കൊണ്ട് ഇ-ഗവണേൺസിന്റെയും സാങ്കേതിക വിദ്യയുടെയും ഫലപ്രദമായ വിനിയോഗത്തിലൂടെ കൃഷി ഭവനുകളുടെ പ്രവർത്തനം നവീകരിച്ച് കർഷക സമൂഹത്തിന് മെച്ചപ്പെട്ട സേവനങ്ങൾ കാലതാമസ്സമില്ലാതെ ലഭ്യമാക്കുക എന്നതാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.<br><br>സ്മാർട്ട് കൃഷി ഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.<br><br>1) കൃഷി ഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.<br><br>2) വിള ആരോഗ്യ ക്ലിനിക്ക് സ്ഥാപിക്കലും, നിലവിൽ ഉള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ മെച്ചപ്പെടുത്തലും.<br><br>3) കൃഷി ഭവനുകളുടെ നവീകരണം.<br><br>4) കൃഷി ഭവനുകളിൽ IT അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.<br><br>5) കൃഷി ഭവനുകളെ കടലാസ് രഹിത ഓഫീസുകളാക്കി മാറ്റുക.<br><br>കൃഷി ഭവനുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം, പി.എം. കിസാൻ, എയിംസ് പോർട്ടൽ തുടങ്ങിയ വെബ് സൈറ്റുകളിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, കർഷകർക്ക് ആവശ്യമായ പരിശീലന ക്ലാസുകൾ മുതലായവ സ്മാർട്ട് കൃഷി ഭവൻ വഴി കർഷകർക്ക് ലഭ്യമാണ്. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കർഷകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഡിസ്പ്ലേ ബോർഡുകൾ, ഡിജിറ്റൽ ഡിസ്പ്ലേകൾ. ടെലിവിഷൻ എന്നിവയും സ്മാർട്ട് കൃഷി ഭവനുകളിൽ ലഭ്യമാക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര കൃഷിഭവനുകളെ സ്മാർട്ട് | (ബി) | സംസ്ഥാനത്തു നിലവിൽ 6 കൃഷി ഭവനുകൾ സ്മാർട്ട് കൃഷിഭവനുകൾ ആയി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവയുടെ വിവരം ചുവടെ നൽകുന്നു. |

<table>
<tr><td></td><td>കൃഷിഭവനുകളാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;</td><td></td><td>
<table>
<tr><th>ക്രമ നമ്പർ</th><th>ജില്ല</th><th>കൃഷിഭവൻ</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>കരകുളം</td></tr>
<tr><td>2</td><td>പത്തനംതിട്ട</td><td>അരുവാപ്പലം</td></tr>
<tr><td>3</td><td>കോട്ടയം</td><td>നീണ്ടൂർ</td></tr>
<tr><td>4</td><td>എറണാകുളം</td><td>കോട്ടുവള്ളി</td></tr>
<tr><td>5</td><td>വയനാട്</td><td>തൊണ്ടർനാട്</td></tr>
<tr><td>6</td><td>കണ്ണൂർ</td><td>ചെറുതാഴം</td></tr>
</table>
</td></tr>
<tr><td>(സി)</td><td>കൊടുങ്ങല്ലൂർ മണ്ഡലത്തിൽ ഏതൊക്കെ കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?</td><td>(സി)</td><td>കൊടുങ്ങല്ലൂർ മണ്ഡലത്തിൽ നിന്ന് കഴൂർ കൃഷി ഭവനെ 2023-24 വർഷത്തെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനാക്കുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ